# ദിവ്യബോധനം

മലങ്കര ഓർത്തഡോക്സ് സഭയുടെ
വിശ്വാസ പരിശീലന കോഴ്സുകൾ

## ദ്വിവത്സര പ്രൊഫിഷ്യൻസി സർട്ടിഫിക്കറ്റ് കോഴ്സ്
(P.O.C.E)

## ദ്വിവത്സര ഡിപ്ലോമ കോഴ്സ്
(D.O.C.E)

## പ്രോസ്പക്ട്സ്



ഓർത്തഡോക്സ് വൈദിക സെമിനാരി
പി.ബി. 98, കോട്ടയം – 686001
ഫോൺ : 0481 – 2566526

# പഠന സമ്പ്രദായം

## 1. POCE - Proficiency in Orthodox Christian Education

### 1. രജിസ്ട്രേഷൻ കാർഡ്

പ്രവേശന ഫാറം പൂരിപ്പിച്ച് 250 രൂപ കോഴ്സ് ഫീസ് ഉൾപ്പെടെ കേന്ദ്ര ഓഫീസിൽ നൽകുമ്പോൾ രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തിയ കാർഡ് ലഭിക്കും. ഇത് വിദ്യാർത്ഥി സൂക്ഷിക്കുകയും വേണം.

### 2. പഠന രീതി

ഓരോ ദിവസവും സൗകര്യപ്രദമായി ഒരു മണിക്കൂറിൽ കുറയാത്ത സമയം കണ്ടുപിടിച്ച് സ്വയം പഠനം ഭംഗിയായി പ്രാർത്ഥനാപൂർവ്വം നടത്തുവാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കണം.

### 2 a. ചർച്ചാ ക്ലാസ്സുകൾ

പ്രാദേശികാദ്ധ്യാപകൻ ആഴ്ചതോറുമുള്ള ചർച്ചാ ക്ലാസ്സിന്റെ സമയം സ്ഥലം എന്നിവ ആ യൂണിറ്റിലെ വിദ്യാർത്ഥികളുമായി ആലോചിച്ച് ക്രമീകരിക്കുന്നതും ചർച്ചകൾക്ക് നേതൃത്വം നൽകുന്നതുമായിരിക്കും. ചർച്ചാ ക്ലാസ്സിൽ മുഖ്യമായും പാഠങ്ങളുടെ അവസാനം കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ, പാഠങ്ങളിൽ നിന്നും ആവിർഭവിക്കുന്ന ഒറ്റ വാചക മാതൃകയിലുള്ള ചോദ്യങ്ങളും ഉത്തരങ്ങളും, ആ പാഠങ്ങളിൽ നിന്നും ഉത്ഭവിക്കുന്ന സംശയങ്ങൾ എന്നിവ ചർച്ച ചെയ്യാവുന്നതാണ്. ഒരു പാഠത്തിന് 30 മിനിറ്റ് എന്ന കണക്കിന് ഏകദേശം ഒന്നര മണിക്കൂർ സമയമെങ്കിലും ചർച്ചാ ക്ലാസ്സ് നടത്തേണ്ടതാണ്. ചർച്ചാക്ലാസ്സിലെ ഹാജരിന് ½ മാർക്കും ചർച്ചയിലെ പങ്കാളിത്വത്തിന് ½ മാർക്ക് വീതം ഓരോ ആഴ്ചയിലും നൽകണം. വിദ്യാർത്ഥികൾക്ക് പ്രാദേശികാദ്ധ്യാപകൻ പരമാവധി ഒരു വിഷയത്തിന് 10ൽ 8 സെക്ഷൻ മാർക്കായി നൽകാവുന്നതാണ്.

### 2 b. സെമിനാർ

കേരളത്തിനകത്തുള്ള പ്രാദേശിക പഠനകേന്ദ്രങ്ങളിൽ വച്ച് മുൻകൂട്ടി നിശ്ചയിക്കുന്ന സ്ഥലത്ത് ഓരോ പുസ്തകങ്ങളുടെയും സെമിനാർ നടത്തുന്നു.

കേരളത്തിന് പുറത്തുള്ള ഭദ്രാസനങ്ങൾക്കും കറസ്പോണ്ടൻസ് ചെയ്യുന്നവർക്കും online ആയി സെമിനാർ നടത്തുന്നു. online link യഥാ സമയം നൽകുന്നതാണ്.

സെമിനാറിൽ ഏതെങ്കിലും കാരണവശാൽ പങ്കെടുക്കുവാൻ സാധിക്കാതെ പോകുന്നവർ online link/youtube ലെ ക്ലാസ്സ് ശ്രദ്ധിച്ച് അതിന്റെ സംഗ്രഹം (summary) പരീക്ഷക്ക് മുമ്പ് കേന്ദ്രത്തിൽ അയച്ചു തരേണ്ടതാണ്.

സെമിനാർ attendance ഓരോ ബുക്കിനും നിർബന്ധമാണ്.

**2 c. പരീക്ഷ**

ഓരോ വിഷയവും രണ്ട് മാസംകൊണ്ട് പഠിച്ചു തീരുമ്പോൾ കലണ്ടർ അനുസരിച്ച് MCQ മാതൃകയിൽ ൽ online ആയി കേന്ദ്രത്തിൽ നിന്ന് പരീക്ഷ ക്രമീകരിക്കുന്നതാണ്.

Online MCQ സമ്പ്രദായത്തിൽ പരീഷ എഴുതുവാൻ പ്രയാസമുള്ള വിദ്യാർത്ഥികൾ പരീക്ഷയ്ക്ക് പകരമായി 3 മുതൽ 5 പേജുകൾ വരെ വീതമുള്ള പ്രബന്ധങ്ങൾ തയ്യാറാക്കി പരീക്ഷാ തീയതിക്കു മുമ്പായി പ്രാദേശികാദ്ധ്യാപകനെ ഏൽപ്പിക്കേണ്ടതാണ്. ഓരോരുത്തരും സ്വയമായി പ്രബന്ധങ്ങൾ തയ്യാറാക്കണം. പ്രബന്ധ വിഷയങ്ങൾ നേരത്തെ തന്നെ കേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്. ഓരോ വിഷയത്തിനും ഇപ്രകാരം നാല് പ്രബന്ധങ്ങൾ പരീക്ഷയ്ക്ക് പകരമായി സമർപ്പിക്കേണ്ടതാണ്. എന്നാൽ 60 വയസ്സിന് മുകളിലുള്ളവർ രണ്ടും 45 വയസ്സിനു മുകളിലുള്ളവർ മൂന്നും പ്രബന്ധങ്ങൾ വീതം നൽകിയാൽ മതിയാകും. രജിസ്റ്റർ നമ്പർ പ്രബന്ധത്തിന്റെ ആദ്യ പേജിന് മുകളിൽ വലിയ അക്ഷരത്തിൽ തെറ്റുകൂടാതെ എഴുതുക. പേരും സ്ഥലവും എഴുതുവാൻ പാടില്ല. ഉത്തരക്കടലാസും പ്രബന്ധങ്ങളും സെമിനാരി അദ്ധ്യാപകർ പരിശോധിച്ച് മാർക്കിടുന്നതാണ്. 40 മാർക്ക് പരീക്ഷയ്ക്ക് അഥവാ പ്രബന്ധത്തിന് നീക്കിവച്ചിരിക്കുന്നു. ഉത്തരക്കടലാസിനോടൊപ്പം കേന്ദ്ര ഓഫീസിൽ നിന്നും ലഭിക്കുന്ന ഫേസിംഗ് ഷീറ്റ് വച്ചിരിക്കേണ്ടതാണ്. പ്രബന്ധങ്ങളും പരീക്ഷകളും പഠനസംഗ്രഹവും ഇംഗ്ലീഷിലോ മലയാളത്തിലോ എഴുതാവുന്നതാണ്.

**3. പഠനഗ്രന്ഥങ്ങൾ ലഭിക്കുന്ന വിധം**

പഠന ഗ്രന്ഥങ്ങൾ എല്ലാം ദിവ്യബോധനം ബുക്ക് ക്ലബ്ബ് അംഗത്വം വഴി വിദ്യാർത്ഥികൾക്ക് 30 ശതമാനം വിലക്കുറവിൽ ലഭിക്കുന്നതാണ്. യൂണിറ്റുകൾക്ക് ഭദ്രാസന ഡയറക്ടറുമായി ബന്ധപ്പെട്ടും പഠനഗ്രന്ഥങ്ങൾ ലഭ്യമാക്കാവുന്നതാണ്. പുസ്തകങ്ങൾ ഓരോ ബാച്ചിലേക്കുമുള്ളത് ഒരുമിച്ചു വാങ്ങുന്നതാണ് അഭികാമ്യം

**4. വിജയനിർണ്ണയ രീതി**

പഠനസംഗ്രഹം /Objective Type ചോദ്യങ്ങൾക്കും ചർച്ചാക്ലാസ്സിനുമായി പ്രാദാശികതലത്തിൽ ഏറ്റവും ചുരുങ്ങിയത് 20 മാർക്ക് ലഭിക്കേണ്ടതാണ്. അതുപോലെ പരീക്ഷ/പ്രബന്ധം ഇതിനു ചുരുങ്ങിയത് 20 മാർക്ക് ലഭിക്കേണ്ടതാണ്. അങ്ങനെ ആകെ 40 ശതമാനം മാർക്ക് ലഭിച്ചാൽ മാത്രമേ ഓരോ വിഷയത്തിനും ജയിക്കുകയുള്ളു. തോൽക്കുന്ന വിദ്യാർത്ഥികൾക്ക് വീണ്ടും പ്രബന്ധങ്ങൾ എഴുതി സമർപ്പിച്ച് മാർക്കുകൾ മെച്ചപ്പെടുത്താവുന്നതാണ്. പുനഃപരീക്ഷ ഉണ്ടായിരിക്കുന്നതല്ല.

എല്ലാ വിഷയങ്ങൾക്കുമായി അവസാനം ഗ്രേഡ് നിശ്ചയിക്കുന്നത് കേന്ദ്രതലത്തിൽ നടത്തുന്ന പരീക്ഷ/ പ്രബന്ധത്തിനു ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും. Grading - 80 (A+), 75 (A), 70 (A-), 65 (B+), 60 (B), 55 (B-), 50 (C+), 45 (C-), 40 (C). മെറിറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

**5. ദിവ്യബോധനം കലണ്ടർ**

ഓരോ വിഷയവും ആരംഭിക്കുന്ന തീയതി, പരീക്ഷ നടത്തുന്ന തീയതി എന്നിവ കാണിച്ചുകൊണ്ടുള്ള പ്രത്യേകം കലണ്ടർ അനുസരിച്ച് ഈ പഠനം വീഴ്ച കൂടാതെ മുമ്പോട്ട് കൊണ്ടുപോകുവാൻ എല്ലാവരും സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

**6. ലൈബ്രറി**

ഓരോ പഠനത്തോടും ചേർന്ന് ഒരു ചെറിയ ലൈബ്രറി എങ്കിലും ഉണ്ടാക്കുവാൻ ദിവ്യബോധനം വിദ്യാർത്ഥികൾ ഉത്സാഹിക്കേണ്ടതാണ്. സഭാസംബന്ധമായ എല്ലാ പ്രസിദ്ധീകരണങ്ങളും ഈ ലൈബ്രറിയിൽ ഉണ്ടായിരിക്കേണ്ടതാണ്. ദിവ്യബോധനം ബുക്ക് ക്ലബ്ബിൽ അംഗത്വമെടുത്തുകൊണ്ട് ലൈബ്രറി ക്രമീകരിക്കാവുന്നതാണ്.

**7. ദിവ്യബോധനം ബുക്ക് ക്ലബ്ബ്**

കോഴ്സ് ഫീ അടക്കുന്നവർക്ക് ബുക്ക് ക്ലബ്ബ് അംഗത്വം ലഭിക്കുന്നതാണ്.

**8. കറസ്പോണ്ടൻസ് കോഴ്സ്**

ഏതെങ്കിലും പഠനകേന്ദ്രങ്ങളുമായി ബന്ധപ്പെടുവാൻ സാധിക്കാത്തവർക്ക് കേന്ദ്രഓഫീസുമായി ബന്ധപ്പെട്ട് പഠനം നടത്താവുന്നതാണ്. സെമിനാറുകൾക്ക് പ്രാദേശികകേന്ദ്രത്തിലോ ഓൺലൈനായോ സംബന്ധിക്കാവുന്നതാണ്. മറ്റ് വ്യവസ്ഥകളെല്ലാം സാധാരണ വിദ്യാർത്ഥികളെപ്പോലെ കറസ്പോണ്ടൻസ് കോഴ്സുകാർക്കും ബാധകമായിരിക്കും.

## ഡിപ്ലോമാ കോഴ്സ (D.O.C.E)

## (Diploma in Orthodox Christian Education)

ദിവ്യബോധനം P.O.C.E കോഴ്സ്, OSSAE 12-ാം ക്ലാസ്സ് ഇവയിൽ ഏതെങ്കിലും ഒന്ന്. പാസ്സായ ഏവർക്കും D.O.C.E (Diploma in Orthodox Christian Education) കോഴ്സിനു ചേർന്നു പഠിക്കാവുന്നതാണ്. അപേക്ഷയോടൊപ്പം POCE, 12-ാം ക്ലാസ്സ് സർട്ടിഫിക്കറ്റിന്റെ കോപ്പികൂടെ വയ്ക്കേണ്ടതാണ്.

2. പഴയ രജിസ്റ്റർ നമ്പറിൽ തന്നെ 275 രൂപ (രജിസ്ട്രേഷൻ ഫീസ് പരീക്ഷാഫീസ് & കോൺവൊക്കേഷൻ ഫീസ്) നൽകി ഈ കോഴ്സിനു ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. ഒരു വർഷത്തിൽ അഞ്ച് പഠനവിഷയം എന്ന രീതിയിൽ 2 വർഷം കൊണ്ട് 10 പുസ്തകങ്ങളുടെ പഠനം ഓരോ വിദ്യാർത്ഥിയും പൂർത്തിയാക്കേണ്ടതാണ്.

4. ഓരോ വിഷയം സംബന്ധിച്ചും കേന്ദ്രത്തിൽ നിന്നയയ്ക്കുന്ന സർക്കുലറിലെ നിർദ്ദേശപ്രകാരം പഠനം ആരംഭിക്കുകയും വീഴ്ച കൂടാതെ പൂർത്തീകരിക്കുവാൻ എല്ലാ വിദ്യാർത്ഥികളും ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്. സെമിനാർ Exam ഇവകൾ POCE പോലെ തന്നെ ആയിരിക്കും.

5. മറ്റു നിബന്ധനകൾ P.O.C.E കോഴ്സിന് ഉള്ളതുപോലെ തന്നെ D.O.C.E കോഴ്സിനും ബാധകമാണ്.

## Office Bearers

| | | |
|---|---|---|
| President | : | H.G. Dr. Yacob Mar Ireanaios |
| Vice President : | | Rev. Dr. Reji Mathew |
| Director | : | Rev. Dr. T. J. Joshua |
| Joint Director | : | Rev. Fr. C.C. Cherian |
| Bursar | : | Rev. Dr. Saji Amayil |
| Registrar | : | Rev. Fr. Mathews John Manayil<br>Mob: 9496465195 |
| Co-ordinator | : | Rev. Dr. Varghese P Varghese |
| Central Organizer | : | Prof. Dr. Cherian Thomas<br>Mob: 9447123111 |

## Office Staff

| | | |
|---|---|---|
| Office Secretary | : | Tintumol Abraham<br>Mob: 6282761354 |